# മണ്ണും ജലവും സംരക്ഷിക്കണം -സി.പി.സി.ആർ.ഐ. സെമിനാർ

MB dt. 6/1/18

**കാസർകോട്** ▸ മണ്ണും ജലവും ജീവന്റെ അടിസ്ഥാനമാണെന്നും ഇവ സംരക്ഷിക്കേണ്ടത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണെന്നും സി.പി.സി.ആർ.ഐ. സെമിനാർ അഭിപ്രായപ്പെട്ടു. ലോകത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമാണ് കേരളം. ലോകത്ത് ലഭിക്കുന്ന ശരാശരി മഴ 90 സെൻറിമീറ്ററാണ് എന്നാൽ കേരളത്തിൽ ലഭിക്കുന്നത് 350 സെൻറിമീറ്ററാണ്. എന്നിട്ടും മഴക്കാലം കഴിഞ്ഞ് രണ്ടുമാസം കഴിയുമ്പോഴേക്കും കുടിവെള്ളക്ഷാമം ഉണ്ടാവുന്നത് മഴവെള്ളം ശരിയായ രീതിയിൽ ശേഖരിക്കാത്തതുകൊണ്ടാണ്.

കാലാവസ്ഥാ വ്യതിയാനം സംഭവിക്കുന്നതിലെ പ്രധാന കാരണമാണ് അമിതമായി പുറംതള്ളുന്ന ഹരിതഗൃഹപ്രഭാവ വാതകങ്ങൾ. ഇതിന്റെ അനിയന്ത്രിത സാന്നിധ്യംമൂലം കടലിലെ വാതകം ചൂടായതാണ് സാധാരണഗതിയിൽ കൊടുങ്കാറ്റ് ഉണ്ടാവാത്ത അറബിക്കടലിൽ കിലോമീറ്ററുകൾ ദൂരം സഞ്ചരിച്ച കൊടുങ്കാറ്റ് ഉണ്ടാവാൻ കാരണമെന്നും സെമിനാറിൽ പറഞ്ഞു.

### പ്രതിവിധികൾ

ജലസംഭരണികളായ നെൽപ്പാടങ്ങൾ, വെള്ളക്കെട്ടുകൾ, കുന്നുകൾ എന്നിവ സംരക്ഷിക്കുക.

വീടുകളുടെയും കെട്ടിടങ്ങളുടെയും മേൽക്കൂരകളിൽ വീഴുന്ന മഴവെള്ളം വീഴുന്നിടത്തുതന്നെ സംഭരിക്കുക.

കൃഷിയിടങ്ങളിലും പറമ്പുകളിലും മഴക്കുഴികളും തോടുകളിലും നീരൊഴുക്കുള്ള മറ്റു സ്ഥലങ്ങളിലും തടയണകളും നിർമിച്ച് ഒഴുകുന്ന വെള്ളത്തിന്റെ വേഗം കുറയ്ക്കുക.

## ജലസംരക്ഷണം ഓരോരുത്തരുടെയും കടമ...

ലോകത്തിന്റെ മൂന്നിലൊന്നുള്ള വെള്ളത്തിൽ 2.5 ശതമാനം മാത്രമാണ് ശുദ്ധജലം. ബാക്കിയുള്ളത് മഞ്ഞുമലകളിലും ഉപ്പുവെള്ളമായുമാണ് നിലകൊള്ളുന്നത്. പരിമിതമായ ഈ ജലം വരും തലമുറയ്ക്കുകൂടി ഉപയോഗിക്കാൻ ബാക്കി വെക്കേണ്ടതുണ്ട്. മനുഷ്യന്റെ അനിയന്ത്രിത ഇടപെടലുകൾ കാരണം കേന്ദ്ര ഭൂഗർഭ ജലവകുപ്പിന്റെ കണക്കുകൾപ്രകാരം ഭൂഗർഭ ജലത്തിന്റെ അളവ് വർഷം തോറും 30 സെൻറിമീറ്ററാണ് കുറയുന്നത്.



കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തിൽ (സി.പി.സി.ആർ.ഐ.) തുടങ്ങിയ കാർഷിക പ്രദർശനത്തിൽനിന്ന്

പ്രകൃതിയിലെ ജലസംഭരണികളായ കുന്നുകളും മലകളും കുറയുന്നതിനാൽ മലയോരത്തടക്കം പെയ്യുന്ന മഴവെള്ളം എളുപ്പത്തിൽ കുത്തിയൊലിച്ച് കടലിലെത്തുകയാണ്. മുൻപ് നീരൊഴുക്ക് തടയാൻ കുറ്റിക്കാടുകളും മരങ്ങളുമുണ്ടായിരുന്നിടത്ത് ഇന്ന് കോൺക്രീറ്റ് നിലങ്ങളാണ് ഉള്ളത്. ഇതാണ് ഭൂഗർഭ ജലനിരപ്പ് ക്രമാതീതമായി കുറയുന്നതിന് പ്രധാന കാരണമെന്നും സെമിനാർ വിലയിരുത്തി. കുത്തിയൊലിക്കുന്ന വെള്ളത്തിനൊപ്പം ഫലഭൂയിഷ്ഠമായ മണ്ണുംകൂടിയാണ് ഒലിച്ചുപോവുന്നത്.

ഇതുതടയുന്നതിന് ജില്ലയ്ക്ക് അഭിമാനത്തോടെ ഉയർത്തിക്കാണിക്കാൻ സാധിക്കുന്നതാണ് ജില്ലയിലെ സുരംഗകൾ എന്നുവിളിക്കുന്ന തുരങ്കങ്ങളെന്നും സെമിനാർ കൂട്ടിച്ചേർത്തു.